നാളിതുവരെ വിവിധ വിഭാഗങ്ങളിൽ എത്ര തസ്തികകൾ വേർതിരിച്ച് സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിന് തത്വത്തിൽ അനുവദിച്ചുനൽകിയ 1200 തസ്തികകളിൽ 300 തസ്തികകൾ 3-8-2021-ലെ സ.ഉ.(കൈ) നമ്പർ 143/2021/ആ.കു.വ. പ്രകാരം ഒന്നാം ഘട്ടമായി താഴെപ്പറയുന്ന വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 204, ഫാർമസിസ്റ്റ് ഗ്രേഡ് II - 52, ലോവർ ഡിവിഷൻ ക്ലർക്ക്- 42 ഓഫീസ് അറ്റൻഡന്റ് - 2.

ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

153 (3180) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഉൾപ്പടെ കാലഹരണപ്പെട്ട ലബോറട്ടറി ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ കാലഹരണപ്പെട്ട ലബോറട്ടറി ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ കൃത്യതയില്ലാത്തതും രോഗനിർണ്ണയത്തെ പ്രതികൂലമായി ബാധിക്കുന്നതുമായ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ?

ലബോറട്ടറി ഉപകരണങ്ങൾ എല്ലാംതന്നെ 6 മാസം കൂടുമ്പോൾ കാലിബ്രേറ്റ് ചെയ്യുകയും internal, external ക്യൂ.സി. നടത്തിവരികയും ചെയ്യുന്നു. കൂടാതെ എല്ലാ ഉപകരണങ്ങളും എ.എം.സി.-യിൽ ഉൾപ്പെടുത്തി റിപ്പയർ ചെയ്യേണ്ടവ യഥാസമയം റിപ്പയർ ചെയ്യുകയും റിപ്പയർ ചെയ്യുവാൻ സാധിക്കാത്തവ എ.എം.സി. എടുത്തിട്ടുള്ള സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റുകളോടുകൂടി കണ്ടംനേഷൻ ചെയ്തുവരുന്നു. കൃത്യതയില്ലാത്ത ഒരു ഉപകരണവും ഉപയോഗിക്കാറില്ല.

(സി) മെഡിക്കൽ കോളേജുകളിലെയും മറ്റ് സർക്കാർ ആശുപത്രികളിലെയും ലാബുകളുടെ നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും രോഗികൾക്ക് സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ലാബുകളിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രവർത്തനക്ഷമതയും ഗുണനിലവാരവും നിരന്തരമായി ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥിതി നിലവിലുണ്ട്. കെ.എം.എസ്.സി.എൽ. മുഖേനയുള്ള ഉപകരണങ്ങളാണ് ടി സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ലാബുകളുടേയും പബ്ലിക് ഹെൽത്ത് ലാബുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലാബ് സൗകര്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ ആർദ്രം, എൻ.എച്ച്.എം., പഞ്ചായത്ത്, എച്ച്.എം.സി. എന്നിവയുടെ സഹായത്തോടുകൂടി പുതിയ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിലെയും പബ്ലിക് ഹെൽത്ത് ലാബുകളിലെയും പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്താകെ 677 ലാബ് ടെക്നീഷ്യന്റെയും 8 ജൂനിയർ ലാബ് ടെക്നീഷ്യന്റെയും 2 ചീഫ് ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി

154 (3181) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

നിലവിൽ ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന നയമാണ് സർക്കാർ അവംലബിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന മീനച്ചിൽ താലൂക്കിൽ തന്നെ ടി സ്ഥാപനത്തിന് 12 കിലോമീറ്റർ അകലെയായി പാലാ ജനറൽ ആശുപത്രി, 19 കി.മീ. അകലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. നിലവിലുള്ള ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനുപകരം നിലവിലുള്ള സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് രൂപീകൃതമായ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഈരാറ്റുപേട്ട പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ്